(ബി) അടിയന്തര പരിശോധന ആവശ്യമുള്ള രോഗികൾക്കുപോലും പരിശോധന നടത്തി ഫലം ലഭിയ്ക്കുന്നതിന് ദീർഘനാൾ കാത്തിരിക്കേണ്ടി വരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു കാരണം പല രോഗികൾക്കും സ്വകാര്യ ലാബുകളെ പരിശോധനകൾക്കായി ആശ്രയിക്കേണ്ടിവരുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും കാര്യക്ഷമമായ പരിശോധന സംവിധാനങ്ങൾ ഇല്ലാത്തത് രോഗികളെ ബുദ്ധിമുട്ടിക്കുന്നതാണെന്നതും സ്വകാര്യ ലാബുകളെ പരോക്ഷമായി സഹായിക്കുന്നതാണെന്നുമുള്ള കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) രോഗികളുടെ ബാഹുല്യം കൂടുതലുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇത്തരമൊരവസ്ഥ നിലവിലുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കൂടുതൽ എം.ആർ.ഐ/സി.റ്റി. സ്കാൻ/എക്സ്റേ മെഷീനുകളും ഡിജിറ്റൽ ആൻജിയോഗ്രാഫി സംവിധാനങ്ങളും തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

67 (2342) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന നടപടിക്രമം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ധനകാര്യവകുപ്പിൽ നിന്നും ലഭിച്ച കത്തിന് ആവശ്യമായ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) താലൂക്ക് ആശുപത്രിയായി ഉയർത്തി എന്നത്തേയ്ക്ക് ഉത്തരവിറക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച ഫയലിൽ (4632/എം.1/ 2014/ആ.കു.വ.) ധനകാര്യവകുപ്പ് ആവശ്യപ്പെട്ട അധിക വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നുവെങ്കിലും ആയത് പൂർണ്ണമായിരുന്നില്ല. പൂർണ്ണമായ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഇല്ല. ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ലാത്തതിനാൽ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ കോളേജുകളിലെ അവയവമാറ്റ ശസ്ത്രക്രിയ

68 (2343) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവമാറ്റ ശസ്ത്രക്രിയകൾക്ക് നിലിവിലുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ബൈപ്പാസ്, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നീ സൗകര്യങ്ങൾ ഇല്ലാത്ത മെഡിക്കൽ കോളേജുകളിൽ ആയതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ;

(സി) സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ അവയവമാറ്റ ശസ്ത്രക്രിയകൾ ചെയ്യുന്നതിന് ആവശ്യമായ ആധുനിക അടിസ്ഥാന സൗകര്യങ്ങളും യന്ത്രസാമഗ്രികളും ഏർപ്പെടുത്തുന്നതിനും ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുമുള്ള സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ നിലവിൽ നാല് സർക്കാർ മെഡിക്കൽ കോളേജുകളിലാണ്